മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം
തിരുവനന്തപുരം

വിഷയം:- നഗരഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - തിരുവനന്തപുരം ജില്ല തിരുവനന്തപുരം നഗരസഭ - തൈക്കാട് വില്ലേജ് - പെട്രോൾ പമ്പ് നിർമ്മാണം-ലേ-ഔട്ട് അംഗീകാരവും സ്കീം പ്രകാരമുള്ള കൺകറൻസും നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 07/02/2020 ലെ E8/BA/1003/7522/19 നമ്പർ കത്ത്.
2. തിരുവനന്തപുരം ടൗൺ പ്ലാനറുടെ 22/02/2020 ലെ TCPTVM/1729/2019-D നമ്പർ കത്ത്.

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/616/2020-D3 തീയതി:**16/06/2020**

തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം നഗരസഭ പരിധിയിലുള്ള തൈക്കാട് വില്ലേജിൽ റീസർവ്വേ നമ്പർ 1 (Part) ൽ ഉൾപ്പെട്ട പൂജപ്പുര സെൻട്രൽ ജയിലിന്റെ ഉടമസ്ഥതയിലുള്ള 1015m2 സ്ഥലത്ത് Sales building (137.34m2), Canopy(172m2) Toilet(8.93m2) ഉൾപ്പെടെ 318.27m2 വിസ്തീർണ്ണമുള്ള പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ.വിപിൻ ഓസ്റ്റിന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .എം.ബി.ആർ 1999-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനുള്ള അംഗീകാരവും , മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കൺകറൻസും നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും , പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി / എൻ.ഒ.സി. എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്യുപ്പൻസി നൽകുവാൻ പാടുള്ളു.
2. കെ.എം.ബി.ആർ 1999-ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണസ്ഥലം പുറമ്പോക്കു ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.എം.ബി.ആർ.1999-നും അനുബന്ധഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര -ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ് /ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി. വാങ്ങിയിരിക്കണം.

6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2018 -ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം അനുബന്ധസർക്കാർ സർക്കുലറുകൾ, 1967 -ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
7. കെ.എം.ബി.ആർ.1999-ലെ ചട്ടം 59 (15), 59(16) പ്രകാരമുള്ള സജ്ജീകരണങ്ങൾ നൽകേണ്ടതാണ്.
8. കെ.എം.ബി.ആർ.1999-ലെ ചട്ടം 59 (5), പ്രകാരം ആവശ്യമെങ്കിൽ Pollution control board -ന്റെയും ചട്ടം 59(5a) പ്രകാരം ഫയർ ഫോഴ്സ് ഡയറക്ടറുടേയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കിയിരിക്കണം.
9. KMBR ചട്ടം 59(8) പ്രകാരം ജില്ല കളക്ടറുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.
10. KMBR ചട്ടം 59(9) പ്രകാരം പെട്രോൾ ടാങ്കിന്റെയും വെന്റ് പൈപ്പിന്റെയും സ്ഥാനവും നിർമ്മാണവും 1976-ലെ പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമായിരിക്കേണ്ടതാണ്.
11. KMBR ചട്ടം 59(10) പ്രകാരം പെട്രോൾ ഡിസ്പെൻസിംഗ് യൂണിറ്റിന് ഏതൊരു അതിർത്തിയിലേക്കും 7.5 മീറ്റർ അകലം ഉണ്ടായിരിക്കേണ്ടതാണ്.
12. PWD (Roads) ൽ നിന്നും എൻ.ഒ.സി. ലഭ്യമാക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 68/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by JAYASREE P R
Date: 2020.06.16 15:23:47 IST
Reason: Approved

ജയശ്രീ.പി.ആർ,
ടൗൺ പ്ലാനർ

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

സെക്രട്ടറി,
തിരുവനന്തപുരം നഗരസഭ.

പകർപ്പ്:-

1. വിപിൻ ഓസ്റ്റിൻ, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻതിരുവനന്തപുരം ഡിവിഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ലോർ പ്രിമിയം പാർക്ക് ബിൽഡിംഗ്, ഈഞ്ചയ്ക്കൽ ബൈപാസ് റോഡ്, തിരുവനന്തപുരം 695008
2. ടൗൺ പ്ലാനർ തിരുവനന്തപുരം.
3. വെബ് സൈറ്റ്, 4.കരുതൽ ഫയൽ 5.അധികം